(ബി) ഇപ്രകാരം നിയമിച്ചവരെ എവിടെയെല്ലാം ഏതേതു പോസ്റ്റുകളിലേക്ക് എത്ര പേരെ വീതം നിയമിച്ചു എന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 1406

(ബി) വിവരം ശേഖരിച്ചു വരുന്നു.

കേരളാ വാട്ടർ അതോറിറ്റിയിൽ പാർട്ട് ടൈം/ഫുൾ ടൈം ജീവനക്കാരുടെ നിയമനം

65 [2785] ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിയിൽ പി. എസ്. സി. മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയോ അല്ലാതെ പാർട്ട് ടൈം/ഫുൾ ടൈം ജീവനക്കാരെ നിയമിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയമിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ട്രോളിംഗ് നിരോധനം സംബന്ധിച്ച് കമ്മിറ്റികളുടെ പഠനം

64 [2786] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, ടി. വി. ചന്ദ്രമോഹൻ :
,, ഡൊമിനിക് പ്രസന്റേഷൻ :
,, വി. ഡി. സതീശൻ :
,, എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനം സംബന്ധിച്ച് നിയോഗിച്ച ഏതെല്ലാം കമ്മിറ്റികളും വ്യക്തികളും ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ ശുപാർശ എന്തായിരുന്നു;

(സി) 2000-ത്തിന് ശേഷം ഇതേപ്പറ്റി വിദഗ്ദ്ധ പഠനം നടത്തിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ഡി) ഇപ്പോൾ ട്രോളിംഗ് നിരോധനകാലമെത്രയാണെന്ന് വ്യക്തമാക്കുമോ; ഈ കാലപരിധി വർദ്ധിപ്പിക്കാനുദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly